Dated : 02/01/2022

## പോലീസ് ജീപ്പ് ആക്രമിച്ച സംഭവത്തിൽ ഒരാൾ കൂടി അറസ്റ്റിൽ

കൊല്ലം : പുതുവത്സരാഘോഷത്തിനിടെ പോളയത്തോട് വയലിൽ തോപ്പ് കോളനിയിൽ വാക്കേറ്റവും സംഘർഷവും നടക്കുന്നതറിഞ്ഞ് സ്ഥലത്തെത്തിയ കൊല്ലം ഈസ്റ്റ് എസ് ഐ യുടെ ജീപ്പിന്റെ ചില്ല് പൊട്ടിച്ച സംഘർഷവുമായി ബന്ധപ്പെട്ട് ഒരാളെ കൂടി ഈസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തു. കഴിഞ്ഞ വെള്ളിയാഴ്ച രാത്രി പോളയത്തോട് വച്ചാണ് സംഭവം. പോളയത്തോട് വയലിൽ തോപ്പിൽ നാഷണൽ നഗർ 57 ൽ നിസാമുദ്ദീൻ മകൻ നൗഫൽ (19) ആണ് പോലീസ് പിടിയിലായത്. സംഭവ ദിവസം പോലീസ് എത്തി നൗഫലിനെ കസ്റ്റഡിയിലെടുത്ത് പോലീസ് വാഹനത്തിൽ കയറ്റിയ സമയം സ്ഥലത്തുണ്ടായിരുന്ന രാജേന്ദ്രൻ കല്ലെടുത്ത് ജീപ്പിന്റെ ചില്ല് ഇടിച്ച് പൊട്ടിക്കുകയും നൗഫൽ ആ സമയം ജീപ്പിൽ നിന്നും രക്ഷപ്പെടുകയായിരുന്നു. ഈ കേസിൽ രാജേന്ദ്രൻ,കിഷോർ, അഷറഫ് എന്നിവരെ സംഭവ ദിവസം അറസ്റ്റ് ചെയ്തിരുന്നു. സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ് ന് കിട്ടിയ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം എ.സി.പി ജി ഡി വിജയകുമാറിന്റെ നിർദ്ദേശാനുസരണം ഈസ്റ്റ് എസ് എച്ച് ഒ രതീഷ്, എസ്.ഐ രതീഷ് കുമാർ, ജി.എസ്.ഐ ജയലാൽ, പ്രമോദ്, സിപിഒ മാരായ അനു, സന്തോഷ്, സജീവ്, രമേഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ ചിന്നക്കടയിൽ നിന്നും പിടികൂടിയത്. ലഹള ഉണ്ടാക്കുക പൊതുമുതൽ നശിപ്പിക്കുക, സർക്കാർ ജീവനക്കാരെ ആക്രമിക്കുക, ഔദ്യോഗിക ജോലി തടസ്സപ്പെടുത്തുക എന്നീ വകുപ്പുകൾ ചുമത്തിയാണ് കേസ് എടുത്തത്. അറസ്റ്റിലായ പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.



നൗഫൽ (19)

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയോട് ലൈംഗിക അതിക്രമം കാട്ടിയ വയോധികൻ പോക്സോ പ്രകാരം അറസ്റ്റിൽ

കൊല്ലം : മാതാപിതാക്കൾ വീട്ടിൽ ഇല്ലാതിരുന്ന സമയം പ്രായപൂർത്തിയാകാത്ത 9 വയസ്സുകാരിയോട് ലൈംഗിക അതിക്രമത്തിന് മുതിർന്ന ആൾ പോലീസ് പിടിയിലായി. വടക്കേവിള ഉദയശ്രീ നഗർ 53 ലക്ഷമീ വിഹാറിൽ ഗോപാല പിള്ള മകൻ രാജേന്ദ്രൻ പിള്ള (63) ആണ് ഇരവിപുരം പോലീസിന്റെ പിടിയിലായത്. പ്രതി പെൺകുട്ടിയുടെ വീട്ടിൽ അതിക്രമിച്ച് കയറി ലൈംഗിക ഉദ്ദേശത്തോടെ കുട്ടിയെ കടന്നുപിടിക്കുകയായിരുന്നു. മാതാവ് വീട്ടിൽ എത്തിയ സമയം പെൺകുട്ടി വിവരങ്ങൾ പറഞ്ഞതിൽ വച്ചാണ് സംഭവം പുറത്തറിഞ്ഞത്. തുടർന്ന് പെൺകുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഇരവിപുരം പോലീസ് പ്രതിക്കെതിരെ പോക്സോ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ഇരവിപുരം എസ്.എച്ച്.ഒ വി.വി അനിൽകുമാറിന്റെ നേതൃത്വത്തിൽ എസ്.ഐ മാരായ അരുൺഷാ, ജയേഷ്, എ.എസ്.ഐ മഞ്ജുഷ, സി.പി.ഒ മാരായ മനാഫ്, ദീപു എന്നിവരടങ്ങിയ സംഘം ഇയാളെ വടക്കേവിളയിലുള്ള സ്വവസതിയിൽ നിന്നും പിടികൂടുകയും ചെയ്തു. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.



# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 02/01/2022


## സംഘർഷം തടയാനെത്തിയ യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച 3 പേർ പോലീസ് പിടിയിൽ

കൊല്ലം : കൊട്ടിയം: പുതുച്ചിറയിൽ യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ 3 പേർ കൊട്ടിയം പോലീസിന്റെ പിടിയിലായി. കഴിഞ്ഞ 31 ന് രാത്രി 07.30 മണിക്ക് കൊട്ടിയം പുതുച്ചിറയിലുള്ള സുമേഷിനെ മൂന്ന് പേർ ചേർന്ന് ആക്രമിക്കുന്നത് കണ്ട് തടസ്സം പിടിക്കാൻ ചെന്ന പുതുച്ചിറ സത്യന്റെ വക ലൈൻ മുറിയിൽ താമസ്സിക്കുന്ന ഷൗക്കത്ത് അലി മകൻ ഷാജഹാനെ (43) കൊലപ്പെടുത്താൻ ശ്രമിച്ച കേസിലാണ് അറസ്റ്റ് ഉണ്ടായത്. പുതുച്ചിറ അനിതാ വിലാസത്തിൽ അനിരുദ്ധൻ മകൻ അജിത്ത്കുമാർ (40), ഉമയനല്ലൂർ പേരേയം സുമേഷ് ഭവനിൽ തുളസീധരൻ മകൻ സുമേഷ്(32), ഉമയനല്ലൂർ പേരേയം തൊടിയിൽ വീട്ടിൽ സുന്ദരൻ മകൻ ഷിബു (50) എന്നിവരാണ് കൊട്ടിയം പോലീസിന്റെ പിടിയിലായത്. പ്രതികൾ ചേർന്ന് സുമേഷിനെ ഉപദ്രവിക്കുന്നത് തടഞ്ഞതിലുള്ള വിരോധത്താൽ മൂവരും ചേർന്ന് ഷാജഹാനെ കൈകൊണ്ട് അടിക്കുകയും നിലത്തിട്ട് ചവിട്ടുകയും ജന്നലുകളും പാത്രങ്ങളും അടിച്ചു നശിപ്പിക്കുകയും, കത്താൾ കൊണ്ട് തലക്കും നെറ്റിയിലും വെട്ടുകയും ആയത് കൈകൊണ്ട് തടഞ്ഞതിൽ വച്ച് കൈക്ക് ഗുരുതരമായി പരിക്ക് ഏൽക്കുകയും ചെയ്യ്തിട്ടുള്ളതാണ്. ചാത്തന്നൂർ എ.സി.പി ഗോപകുമാറിന്റെ നിർദ്ദേശാനുസരണം കൊട്ടിയം എസ്.എച്ച്.ഓ ജിംസ്റ്റൽ, എസ്.ഐ മാരായ സുജിത്ത് ജി നായർ, റെനോക്സ്, ജി.എസ്.ഐ ഗിരീഷ്, സി.പി.ഓ മാരായ പ്രവീൺ ചന്ദ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. ഇവർ മുമ്പും നിരവധി ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുള്ളവർ ആണ്. ഇവരെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യ്തു.







